**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - **2018-2019** വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 2 സ്കൂളുകളിൽ എയ്റോബിക് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിച്ച് നൽകുന്നതിനുള്ള മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി **(പ്രോ.നം 201/19)** ശുചിത്വ മിഷൻ നൽകുന്ന സാങ്കേതിക അനുമതിയിൽ വ്യവസ്ഥ ചെയ്യുന്ന നിരക്കിൽ തുക വിനിയോഗിച്ച് നടപ്പിലാക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

========================================================================

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.488/2019/തസ്വഭവ തിരുവനന്തപുരം, തീയതി : 02/03/2019

പരാമർശം :-1) 7.11.2018-ലെ സ.ഉ(സാധാ)നം.2938/2018/തസ്വഭവ നമ്പർ ഉത്തരവ്

2) മലപ്പുറം ജില്ലാ പ്ലാനിങ് ഓഫീസറുടെ 11.01.2019-ലെ കത്ത്

3) 05.02.2019-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.4

**<u>ഉത്തരവ്</u>**

മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് മാലിന്യ സംസ്കരണ പദ്ധതികളുടെ ഭാഗമായി 2017-2018 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 150000/- രൂപ നിരക്കിൽ 2 സ്കൂളുകളിൽ എയ്റോബിക് പ്ലാന്റ് നിർമ്മിച്ച് നൽകുന്ന പദ്ധതിക്ക് **(പ്രോ.നം 202 & 203/18)** പരാമർശം-1 പ്രകാരം പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്കൂളുകളിൽ എയ്റോബിക് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിച്ച് നൽകുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് IRTC മുഖേനയാണ്. IRTC-Project Implementation Unit നൽകിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പദ്ധതിയുടെ തൃപ്തികരമായ പൂർത്തീകരണത്തിന് ഒരു യൂണിറ്റിന് **2,43,694/- രൂപ** ചെലവ് വരുമെന്ന് IRTC- Project Implementation Unit അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പുതുക്കിയ യൂണിറ്റ് നിരക്കിൽ പദ്ധതി നടപ്പിലാക്കുന്നതിന് **(പ്രോ.നം 201/19)** അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് മാറഞ്ചേരി പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ മലപ്പുറം ജില്ലാ പ്ലാനിങ് പരാമർശം-2 പ്രകാരം ലഭ്യമാക്കിയിരുന്നു.

2. സ്കൂളുകളിൽ എയ്റോബിക് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിച്ച് നൽകുന്ന പദ്ധതി പരിശോധിച്ച് സാങ്കേതിക അനുമതി നൽകേണ്ടത് ശുചിത്വ മിഷൻ ആയതിനാൽ ശുചിത്വ മിഷൻ നൽകുന്ന സാങ്കേതിക അനുമതി തുക എത്രയാണോ ആ നിരക്കിൽ പദ്ധതി നടപ്പിലാക്കുവാൻ അനുമതി നൽകി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം-3 പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **2018-2019** വർഷത്തെ

പദ്ധതിയിൽ ഉൾപ്പെടുത്തി 2 സ്കൂളുകളിൽ എയ്റോബിക് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിച്ചു നൽകുന്നതിനുള്ള മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി **(പ്രോ.നം 201/19)** ശുചിത്വ മിഷൻ നൽകുന്ന സാങ്കേതിക അനുമതിയിൽ വ്യവസ്ഥ ചെയ്യുന്ന നിരക്കിൽ തുക വിനിയോഗിച്ച് നടപ്പിലാക്കുവാൻ പരാമർശം 3-ന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി. മാറഞ്ചേരി ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് : തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്